*Malayalam Research Journal*
UGC CARE listed
ISSN-0974 1984
RNI No. KERBIL 2008/24527
MLA Index Number 11354
LCCN 2013 318190
Registered Journal for DOI
Peer-reviewed Journal
Vol. 16 Issue 3 Sept.-Dece. 2023
© On Design, Lay-out and Published materials:
*Malayalam Research Journal*

# ഉള്ളടക്കം/Contents

| | | |
|---|---|---|
| പ്രൊഫ. എസ്. വി. ഷണ്മുഖം | 6255 | ടി. ബി. വേണുഗോപാലപ്പണിക്കർ |
| എസ്. വി. ഷണ്മുഖം എന്ന മലയാളഭാഷാഗവേഷകൻ | 6260 | സി. ജെ. ജോർജ്ജ് |
| ദ്വിമുഖസദൃശസൃഷ്ടി: മലയാളത്തിലെ നാല് ക്രിയാപ്രത്യയങ്ങളുടെ വികാസം | 6280 | എസ്. വി. ഷണ്മുഖം (വിവ. ജോസഫ് കെ. ജോബ്) |
| താരതമ്യദ്രാവിഡഭാഷാശാസ്ത്രത്തിലെ എസ്. വി. എസ്. വഴിത്തിരിവ് | 6312 | എസ്. പ്രേമ |
| എസ്. വി. എസ്സിന്റെ സാമൂഹികവ്യാകരണചിന്തകൾ | 6322 | പി. എം. ഗിരീഷ് |
| മലയാളഭാഷാചരിത്രപഠനത്തിലെ തമിഴ് ബന്ധനവും എസ്. വി. ഷണ്മുഖത്തിന്റെ സമീപനവും | 6332 | പി. ശ്രീകുമാർ |
| Prof. S. V. Shanmugam: The Torch Bearer of Linguistic Research in Tamil and Malayalam | 6341 | G. Balasubramanian |
| ലീലാതിലകവും കേരളദേശീയതയും എസ്. വി. ഷണ്മുഖത്തിന്റെ കണ്ടെത്തലുകൾ | 6347 | ആർ. ചന്ദ്രബോസ് |
| കേരളപാണിനീയപീഠികാപഠനം: വീക്ഷണവും സമീപനവും | 6358 | ദേവി കെ. |
| വൈജ്ഞാനികവികാസവും സാങ്കേതികപദങ്ങളും: എസ്. വി. ഷണ്മുഖത്തിന്റെ കേരളപാണിനീയപഠനത്തെ ആസ്പദമാക്കിയുള്ള അന്വേഷണം | 6366 | സീന ജോൺ |
| തമിഴും മലയാളവുംതമ്മിലുള്ള ബന്ധങ്ങൾ | 6378 | എസ്. വി. ഷണ്മുഖം (വിവ.: സി. ജെ. ജോർജ്ജ്, സോമനാഥൻ പി.) |

ടി. ബി. വേണുഗോപാലപ്പണിക്കർ

# പ്രൊഫ. എസ്. വി. ഷണ്മുഖം

T. B. Venugoplappanikkar

# Prof. S. V. Shanmugam

**സംഗ്രഹം**

പ്രൊഫ. എസ്. വി. ഷണ്മുഖത്തിന്റെ വ്യക്തിത്വത്തിലേക്കും സംഭാവനകളിലേക്കും വെളിച്ചം വീശാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ**

ദ്രാവിഡഭാഷാശാസ്ത്രം, ഭാഷാപരിണാമം, സാമൂഹികഭാഷാശാസ്ത്രം

**Abstract**

This paper aims to illuminate the life and intellectual endeavors of Prof. S V Shanmugam, highlighting his contributions to the field of Dravidian linguistics.

**Keywords**

Dravidian Linguistics, Linguistic change, Socio-linguistics

സി. ജെ. ജോർജ്ജ്

# എസ്. വി. ഷണ്മുഖം
# എന്ന മലയാളഭാഷാഗവേഷകൻ

C. J. George

# S. V. Shanmugam,
# the Malayalam Linguistic Reseacher

**സംഗ്രഹം**

മലയാളഭാഷയുടെ ചരിത്രാത്മകപഠനത്തിന്റെയും വ്യാകരണനിരൂപണത്തിന്റെയും മേഖലയിൽ എസ്. വി. ഷണ്മുഖം (എസ്. വി. എസ്.) നൽകിയ സംഭാവനകൾ ഏറെ പ്രധാനപ്പെട്ടതാണ്. ചരിത്രാത്മകവും താരതമ്യാത്മകവുമായ സമീപനം സ്വീകരിക്കുമ്പോഴും ദ്രാവിഡഭാഷാചിന്തയിൽ തനതായ രീതിയിൽ മറ്റു സമീപനങ്ങളുമായി അതിനെ ഉദ്ഗ്രഥിച്ചു പ്രയോഗിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. സാംസ്കാരികവും സാമൂഹികവുമായ ഭാഷാലോചനകളുടെ ഒരു ശാഖയായി വ്യാകരണപഠനം മാറുന്നതിന് അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ സഹായകമായി. ആ നിലയിൽ മലയാളവ്യാകരണചിന്തയുടെയും മലയാളഭാഷാഗവേഷണത്തിന്റെയും ചരിത്രത്തിൽ അദ്ദേഹത്തിന് പ്രമുഖമായ ഒരു സ്ഥാനമുണ്ട്.

**താക്കോൽവാക്കുകൾ**

ദ്രാവിഡഭാഷാശാസ്ത്രം, ഭാഷാപരിണാമം, സാമൂഹികഭാഷാശാസ്ത്രം, ഭാഷാമനോഭാവം

**Abstract**

The contributions made by S. V. Shanmugam to the historical and comparative linguistics and grammatical analysis of Malayalam language within the Dravidian context are significant. Even as he received recognition in the realm of historical and comparative studies, he effectively integrated other approaches like socio-linguistics into his analysis. His explorations in Malayalam grammar, challenged and transformed traditional assumptions. His contributions to the field of linguistics marked a significant shift in perspectives.

**Keywords**

Dravidian Linguistics, Linguistic change, Socio-linguistics, Language attitude

എസ്. വി. ഷണ്മുഖം
(വിവ: ജോസഫ് കെ. ജോബ്)

# ദ്വിമുഖസദൃശസൃഷ്ടി: മലയാളത്തിലെ നാല് ക്രിയാപ്രത്യയങ്ങളുടെ വികാസം

S. V. Shanmugam
(Tr.: Joseph K. Job)

# Bimodel Analogy: Development of four Malayalam Verb Suffixes

**സംഗ്രഹം**

മലയാളത്തിലെ നാലു ക്രിയാപ്രത്യയങ്ങളുടെ വികാസത്തെ വിശദീകരിക്കുന്ന തരത്തിലുള്ള വിശദമായ ചർച്ചകളാണ് പ്രബന്ധത്തിൽ നടത്തുന്നത്. നടുവിനയെച്ചം, പാക്ഷികവിനയെച്ചം, പിൻവിനയെച്ചം, നിയോജകമധ്യമബഹുവചനം എന്നീ ക്രിയാപ്രത്യയങ്ങളാണ് ഇവിടെ പരിശോധിക്കുന്നത്. പ്രബന്ധകർത്താവ് ഇവയുടെ രൂപപരമായ പരിണാമത്തെ സൂക്ഷ്മമായി പഠിച്ച് കാലഗണന നിർവ്വഹിച്ചിരിക്കുന്നു.

**താക്കോൽവാക്കുകൾ**

സദൃശസൃഷ്ടി, ദ്വിമുഖസദൃശസൃഷ്ടി, പൂർവ്വ-മധ്യകാലതമിഴ്, ഉത്തര-മധ്യകാലതമിഴ്, ഉത്തര-പ്രാചീനതമിഴ്

**Abstract**

This paper extensively discusses the nature of the four verbal suffixes in Malayalam: optative participle, conditional verbal participle, infinitive participle, and imperative. The author meticulously examines their morphological transformations, providing intricate details, and discerns the period of establishing new forms.

**Keywords**

Analogy, Bimodel Analogy, Early middle Tamil, Early old Tamil, Later middle Tamil, Later old Tamil

എസ്. പ്രേമ

# താരതമ്യ ദ്രാവിഡഭാഷാശാസ്ത്രത്തിലെ എസ്. വി. എസ്. വഴിത്തിരിവ്

S. Prema

# The S V S Turn in Comparative Dravidian Linguistics

**സംഗ്രഹം**

താരതമ്യ ദ്രാവിഡഭാഷാശാസ്ത്രം നൂറു വർഷങ്ങൾ പിന്നിട്ടു. മറ്റേതൊരു ശാസ്ത്രീയവിഷയവുംപോലെ ചെറുതും വലുതുമായ നിരവധി വഴിത്തിരിവുകളിലൂടെയാണ് താരതമ്യ ദ്രാവിഡഭാഷാശാസ്ത്രവും വളർന്നത്. താരതമ്യ ദ്രാവിഡഭാഷാശാസ്ത്രത്തിന്റെ വളർച്ചയിലെ പ്രധാന വഴിത്തിരിവുകളിൽ എസ്. വി. ഷണ്മുഖത്തിന്റെ സംഭാവനകളെ പരിശോധിക്കുകയാണ് ഈ പ്രബന്ധം. താരതമ്യ ദ്രാവിഡഭാഷാശാസ്ത്രത്തിന്റെ മുഖ്യധാരയിൽനിന്നും അദ്ദേഹം വഴിമാറി നടന്നുണ്ടാക്കിയ താരതമ്യ ദ്രാവിഡഭാഷാപഠനവഴി വെളിപ്പെടുത്തുകയാണ് ഈ പ്രബന്ധം. അദ്ദേഹത്തിന്റെ ധൈഷണികപാരമ്പര്യവും പഠനമേഖലയിലെ പ്രധാന വികാസസന്ദർഭങ്ങളും ഇവിടെ പരിശോധിക്കുന്നു.

**താക്കോൽവാക്കുകൾ**

താരതമ്യ ദ്രാവിഡഭാഷാശാസ്ത്രം, രൂപിമവിജ്ഞാനീയം, പരമ്പരാഗത വ്യാകരണം, ഭാഷാകുടുംബം

**Abstract**

Comparative Dravidian linguistics emerged 100 years ago. Like other scientific subjects, Dravidian linguistics also underwent significant growth and change. S. V. Shanmugam made significant contributions to the development of Dravidian linguistics. This paper focuses on his contributions and explores the main developments in Dravidian linguistics. The essay examines his academic legacy and key points in the development of the field.

**Keywods**

Comparative Dravidian Linguistics, Morphology, Traditional Grammar, Language Family.

പി. എം. ഗിരീഷ്

# എസ്. വി. എസ്സിന്റെ സാമൂഹികവ്യാകരണചിന്തകൾ

P. M. Girish

# Socio-grammatic thoughts of S. V. S.

**സംഗ്രഹം**

എസ്. വി. ഷണ്മുഖത്തിന്റെ *ലീലാതിലക*പഠനത്തിന്റെയും *കേരള പാണിനീയ*പീഠികാപഠനത്തിന്റെയും സമീപനത്തിൽ അന്തർഭവിച്ചിട്ടുള്ള സാമൂഹികഭാഷാശാസ്ത്രപരമായ ഉൾക്കാഴ്ചകളും കണ്ടെത്തലുകളും വകതിരിച്ചു പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

**താക്കോൽവാക്കുകൾ**

സാമൂഹികഭാഷാശാസ്ത്രം, വ്യാകരണത്തിന്റെ സാമൂഹികശാസ്ത്രം, ഭാഷാമനോഭാവം

**Abstract**

This paper investigates sociolinguistic perspectives and discoveries derived from the close examination of S. V. Shanmukham's study of *Leelathilakam* and the reading of the Kerala Panineeya Pithika, exploring the sociolinguistic insights and observations made in their vicinity.

**Keywords**

Socio-linguistics, Sociology of Grammar, Language Attitude

പി. ശ്രീകുമാർ

# മലയാള ഭാഷാചരിത്രപഠനത്തിലെ തമിഴ് ബന്ധനവും എസ്. വി. ഷണ്മുഖത്തിന്റെ സമീപനവും

P. Sreekumar

# The Tamil Bondage in Malayalam Historical Studies and the Perspective of S. V. Shanmugam

**സംഗ്രഹം**

മലയാളഭാഷയുടെ ചരിത്രത്തെക്കുറിച്ചുള്ള പ്രധാനപ്പെട്ട രണ്ടു സമീപനങ്ങളെ പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. ആദ്യത്തേത് താരതമ്യാത്മകമായ ദ്രാവിഡഭാഷാശാസ്ത്രത്തിന്റെ ഭാഗമായി വളർന്നുവന്ന തമിഴ് കേന്ദ്രിതമായ സമീപനമാണ്. എസ്. വി. ഷണ്മുഖ (എസ്. വി. എസ്.) ത്തിന്റെ പഠനങ്ങളിൽ അതിന്റെ പ്രഭാവം കാണാം. എ. ഗോവിന്ദൻകുട്ടി (എ. ജി.) മലയാളഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് 1972-ലെ പ്രബന്ധത്തിൽ അവതരിപ്പിച്ച സമീപനമാണ് മറ്റൊന്ന്. ഇതു രണ്ടും പരിചയപ്പെടുത്തുന്നതിനൊപ്പം ഗോവിന്ദൻകുട്ടിയുടെ നിരീക്ഷണങ്ങളോടുള്ള എസ്. വി. എസ്സിന്റെ പ്രതികരണങ്ങളും പരിശോധിക്കുന്നു. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ, മലയാളഭാഷാശാസ്ത്രം കടന്നുപോകേണ്ട ഒരു കടമ്പയാണ് എസ്. വി. എസ്സിന്റെ സമീപനത്തിലും പ്രകടമാകുന്ന തമിഴ് കേന്ദ്രിതവീക്ഷണം എന്ന നിഗമനത്തിലെത്തുന്നു.

**താക്കോൽവാക്കുകൾ**

പ്രാക് തമിഴ്-മലയാളം, മധ്യ തമിഴ്-മലയാളം, സംഘസാഹിത്യം, തമിഴ് കേന്ദ്രിതവീക്ഷണം

**Abstract**

This paper attempts to explore two pivotal perspectives on the history of the Malayalam language. The first, a Tamil-centric approach rooted in comparative Dravidian linguistics, is evident in the works of S. V. Shanmugam (S. V. S.). The second approach is articulated by Govindankutty (A. G.) in his 1972 paper on the origin of Malayalam. There is also an examination of S. V.'s responses to Govindankutty's observations. The paper concludes that overcoming the Tamil-centric approach is a significant challenge for Malayalam linguistics.

**Keywords**

Proto Tamil - Malayalam, Middle Tamil - Malayalam, Sangam Literature, Tamil Centred View

G. Balasubramonian

# Prof. S. V. Shanmugam: The Torch Bearer of LinguisticResearch in Tamil and Malayalam

**Abstract**

Professor S. V. Shanmugam (SVS) was one of the pillars in the 75-year history of Tamil studies and Dravidian linguistics at the Centre of Advanced Study in Linguistics, Annamalai University, where linguistic studies were initiated in 1945. The history of linguistic studies in Southern India cannot be considered complete without acknowledging the significant contribution of SVS. His impact on Tamil linguistics and the sociology of grammar in Malayalam will be remembered for many years. He opened numerous new chapters in the annals of linguistic studies through his dedicated and pioneering research interests.

**Keywords**

Acknowledge, Traditional Grammar, Language Planning, Historical Grammar, Sociology of Grammar

ആർ. ചന്ദ്രബോസ്

# ലീലാതിലകവും കേരളദേശീയതയും: എസ്. വി. ഷണ്മുഖത്തിന്റെ കണ്ടെത്തലുകൾ

R. Chandrabose

# Leelathilakam and Kerala Nationality - Findings of S. V. Shanmugam

**സംഗ്രഹം**

*ലീലാതിലക*ത്തെ അവലംബമാക്കി കേരളഭാഷയുടെയും കേരള ദേശീയതയുടെയും വികാസപരിണാമങ്ങളെ സംബന്ധിച്ച ചിന്തകൾ മുന്നോട്ടുവെച്ച ഒരു ഗവേഷണഗ്രന്ഥമാണ് എസ്. വി. ഷണ്മുഖത്തിന്റെ *ലീലാതിലകം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ*. ചരിത്രാത്മകഭാഷാശാസ്ത്രത്തിന്റെയും സാമൂഹികഭാഷാശാസ്ത്രത്തിന്റെയും ആധുനികഭാഷാശാസ്ത്രത്തിന്റെയും നോട്ടപ്പാടിലൂടെ *ലീലാതിലക*ത്തെ പഠനവിധേയമാക്കിയ ഈ ഗ്രന്ഥം പ്രാചീനമലയാളപഠനത്തെ പുതിയ വിതാനങ്ങളിലേക്ക് നയിച്ചു. കേരളഭാഷയുടെയും അതിലൂടെ രൂപപ്പെട്ട കേരളദേശീയതയുടെയും വികാസഗതി എസ്. വി. ഷണ്മുഖം വരച്ചിടുന്നതെങ്ങനെയെന്ന് അന്വേഷിക്കുകയാണ് ഈ ലേഖനത്തിൽ ചെയ്യുന്നത്.

**താക്കോൽവാക്കുകൾ**

സാമൂഹികഭാഷാശാസ്ത്രം, മണിപ്രവാളം, പാട്ട്, നമ്പ്യാന്തമിഴ്, ഭാഷാദേശീയത

**Abstract**

*Leelathilakam in socio-linguistic perspective*, a research work by S. V. Shanmugam, serves as a significant reference in the field of sociolinguistics, linking the evolution of Kerala language and culture. Through a linguistic and sociolinguistic perspective, the book explores the thoughts related to the recognition of linguistic identity and cultural uniqueness in Kerala. It contributes to the understanding of ancient Malayalam studies and updates traditional knowledge with new perspectives. This article aims to investigate how Shanmugam mapped the roots and essence of Kerala's linguistic and regional identity, offering fresh insights into the study of Malayalam language and culture.

**Keywords**

Sociolinguistics, Manipravalam, Pattu, Nampyantamizh, Linguistic identity

ദേവി കെ.

# കേരളപാണിനീയപീഠികാപഠനം: വീക്ഷണവും സമീപനവും

Devi K.

# Study of Ke:ralapa:ini:yapi:thika - Perspective and Approach


**സംഗ്രഹം**

തമിഴ് ഭാഷാശാസ്ത്രപണ്ഡിതനായ എസ്. വി. ഷണ്മുഖത്തിന്റെ *കേരളപാണിനീയപീഠികാപഠനം ഭാഷാശാസ്ത്രവീക്ഷണത്തിൽ* എന്ന കൃതിയിൽ അദ്ദേഹം ഗ്രന്ഥകർത്താവായ എ. ആർ. രാജരാജവർമ്മയുടെ ഭാഷാസങ്കല്പത്തേയും *കേരളപാണിനീയ*മെന്ന വ്യാകരണഗ്രന്ഥം ഏറ്റെടുക്കുന്ന വ്യാകരണധർമ്മങ്ങളെയുമാണ് ആധുനികമായ ഭാഷാവീക്ഷണത്തോടെ വിശകലനം ചെയ്യുന്നത് എസ്. വി. ഷണ്മുഖത്തിന്റെ വ്യാകരണസമീപനങ്ങളേയും വീക്ഷണങ്ങളേയും വിമർശനവിധേയമാക്കുന്നതിനുള്ള ശ്രമമാണ് ഈ പ്രബന്ധം.



**താക്കോൽവാക്കുകൾ**

സ്വതന്ത്രവാദം, പൂർവ്വതമിഴ്-മലയാളവാദം, ഉപശാഖാവാദം



**Abstract**

This paper attempts to assess S. V. Shanmugam's reflections on A. R. Raja Rajavarma's concept of language and its functions dileneaed in the grammatical treatise *Ke:ralapa:ini:yam.* The study is grounded in S. V. Shanmugam's work titled 'Keralapanineeyam Pithika Padanam: Bhashasasthra Vikasattil' (Study of the Introduction of Keralapanineeyam in Linguistic Perspectives).



**Keywords**

Direct Theory, Proto Tamil-Malayalam Theory, Offshoot Theory

സീന ജോൺ

# വൈജ്ഞാനികവികാസവും സാങ്കേതികപദങ്ങളും: എസ്. വി. ഷണ്മുഖത്തിന്റെ കേരളപാണിനീയ പഠനത്തെ ആസ്പദമാക്കിയുള്ള അന്വേഷണം

Seena John

# Development of Knowledge and Technical Terms: An inquiry based on the study on Keralapanineeyam by S V Shanmugam

**സംഗ്രഹം**

എസ്. വി. ഷണ്മുഖത്തിന്റെ, 'ഭാഷാവികസനസങ്കല്പം കേരളപാണിനീയത്തിൽ' എന്ന ലേഖനത്തിലെ സാങ്കേതികപദങ്ങളെ സാങ്കേതികപദവിജ്ഞാനീയത്തിന്റെ (Terminological Studies), വീക്ഷണത്തിൽ വിലയിരുത്താനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. മലയാളഭാഷയിലെ ഭാഷാപഠനത്തിൽ രൂപപ്പെട്ട സാങ്കേതികപദങ്ങളെ വിമർശനത്തിന്റെയും വിവർത്തനത്തിന്റെയും സന്ദർഭത്തിൽവെച്ച് പരിശോധിക്കുന്നു. ഭാഷാശാസ്ത്രമെന്ന വിജ്ഞാനശാഖയെ വികസിതമാക്കുന്നതിൽ സാങ്കേതികപദങ്ങൾക്കുള്ള പങ്ക് തിരിച്ചറിയാനും ശ്രമിക്കുന്നു.

**താക്കോൽവാക്കുകൾ**

സാങ്കേതികപദവിജ്ഞാനീയം, സാങ്കേതികപദം, ചരിത്രാത്മകഭാഷാപഠനം, പൊതുഭാഷാശാസ്ത്രം

**Abastract**

The essay attempts to engage in Terminological Studies, through the perspective of S. V. Shanmugam, in the article titled 'Language Development Concept in Kerala Panineeyam.' The aim is to critically examine and explore the technical terms coined in the study, providing a context for analysis and interpretation in the field of linguistic knowledge. It seeks to investigate the role of technical terms in shaping the languge of Malayalam linguistics.

**Keywords**

Terminological Studies, Technical term, Historical Lingustics, General linguistics

എസ്. വി. ഷണ്മുഖം
വിവ: സി. ജെ. ജോർജ്ജ്, സോമനാഥൻ പി.

# തമിഴും മലയാളവുംതമ്മിലുള്ള ബന്ധങ്ങൾ

S. V. Shanmugham
Tr.: C. J. George, Somanadhan P.

# The Connections between Tamil and Malayalam

**സംഗ്രഹം**

പശ്ചിമഘട്ടത്താൽ അതിരുതിരിഞ്ഞു കിടക്കുന്നതിനാൽ മുമ്പുതന്നെ തമിഴിന്റെയും മലയാളത്തിന്റെയും വാമൊഴിയും വരമൊഴിയും ഭാഷാശാസ്ത്രപരമായി വ്യത്യസ്തതകൾ പ്രകടമാക്കിപ്പോരുന്നു. എട്ടാംനൂറ്റാണ്ടുവരെ രണ്ടു ദേശങ്ങളും ഒരേപോലെ പിന്തുടർന്നുപോന്ന രാഷ്ട്രീയവും സാംസ്കാരികവുമായ തുടർച്ചയുടെ ഫലമായി സമാനതകൾ ഉണ്ടായിരിക്കുമ്പോൾത്തന്നെ ഇരുദേശങ്ങളും ഭൂപ്രദേശപരമായി വേർതിരിഞ്ഞുനിന്നതിന്റെ ഫലമായി ഓരോ ദേശത്തും തനതും സ്വതന്ത്രവുമായ മാറ്റങ്ങളും ഉണ്ടായി. പിൽക്കാലത്ത് ദേശങ്ങൾ രാഷ്ട്രീയമായി സ്വതന്ത്രമാവുകയും സാംസ്കാരികമാറ്റങ്ങൾ കൂടുതൽ വിപുലമായി സംഭവിക്കുകയും ചെയ്തു. പുതിയ സാഹിത്യങ്ങളുടെ രൂപീകരണവും വ്യത്യസ്തമായ ബോധരൂപങ്ങളും രണ്ടിനെയും വ്യത്യസ്തമായ ഭാഷകളായി രൂപാന്തരപ്പെടുത്തി. അപ്പോഴും തമിഴും മലയാളവും ദ്രാവിഡത്തിലെ മറ്റെല്ലാ ഭാഷകളെയുംകാൾ കൂടുതൽ സമാനതകളും സാദൃശ്യങ്ങളും പുലർത്തുന്നുണ്ട്.

**താക്കോൽവാക്കുകൾ**

ഭാഷാകുടുംബം, ജനിതകബന്ധം, ഭാഷാപരിണാമം, പഴന്തമിഴ്, പ്രാക് ഭാഷ, ദക്ഷിണദ്രാവിഡം, പ്രാക്ദ്രാവിഡം

**Abstract**

The geographical divide made by the Western Ghats, caused the emergence of differences in the grammatical and lexical aspects of the Tamil and Malayalam languages. Even before the 8th century, both regions followed similar political and cultural trajectories, resulting in linguistic similarities. However, following this period, each region underwent independent political and cultural transformations, leading to distinct linguistic characteristics. The Tamil and Malayalam languages have diverged, with each language exhibiting unique literary forms and linguistic expressions. The reshaping of literature and the emergence of distinct linguistic styles characterize these two languages. Earlier, Tamil and Malayalam, along with other Dravidian languages, demonstrated greater linguistic similarities and shared common features.

**Keywords**

Language family, Genetic relation, Linguistic change, Old-Tamil,Proto language, Southern Dravidian, Proto Dravidian